"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 36(11) പ്രകാരം ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.7/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/01/2022

---

പരാമർശം:-

1. 13/07/2021 തീയതിയിലെ സ.ഉ.(കൈ) നം. 137/2021/തസ്വഭവ.
2. തൊടുപുഴ നഗരസഭ കൗൺസിലിന്റെ 10/11/2021 ലെ 01-ാം നമ്പർ കൗൺസിൽ തീരുമാനം.
3. തൊടുപുഴ നഗരസഭ സെക്രട്ടറിയുടെ 17/11/2021 ലെ 12989/19 നമ്പർ കത്ത്.
4. ഇടുക്കി ജില്ലാ നഗരാസൂത്രകന്റെ 24/11/2021 ലെ ടിസിപിഐഡികെ/172/2021-ഡി1 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 20/12/2021 ലെ ടിസിപിസിടിപി/614/2021-എഫ്2(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൊടുപുഴ നഗരസഭയുടെ കരട് മാസ്റ്റർപ്ലാനിന് പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകുകയും മാസ്റ്റർപ്ലാൻ 13/09/2021 ന് അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ടി തീയതി മുതൽ 60 ദിവസം തികയുന്ന 11/11/2021 വരെ പൊതുജനങ്ങളിൽ നിന്ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് മാസ്റ്റർപ്ലാൻ സംബന്ധിച്ച് പൊതുജനങ്ങളിൽ വളരെയധികം ആശങ്കയുള്ളതിനാൽ മാസ്റ്റർപ്ലാൻ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനു നിലവിൽ അനുവദിച്ചിരിക്കുന്ന സമയം അപര്യാപ്തമായിരുന്നുവെന്നും ആയതിനാലും കോവിഡ് കാലഘട്ടമായതിനാലും ആക്ഷേപം സ്വീകരിക്കുന്നതിനുള്ള കാലാവധി സർക്കാർ ഉത്തരവാകുന്ന തീയതി മുതൽ 3 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനായി തൊടുപുഴ നഗരസഭ കൗൺസിലിന്റെ പരാമർശം (2) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം നഗരസഭ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

(2) കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 36(11) പ്രകാരം മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആക്ടിലെ വകുപ്പ് 36(3) മുതൽ 36(8) വരെ ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള സമയപരിധി ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവുവരെ ദീർഘിപ്പിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണെന്നും മാസ്റ്റർപ്ലാനിന്മേൽ

പൊതുജനങ്ങൾക്ക് ആക്ഷേപങ്ങൾ/അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സമയം 60 ദിവസം എന്നുള്ളത് പര്യാപ്തമായിരുന്നില്ല എന്നും കൊറോണയുടെ കാലഘട്ടം ആയിരുന്നതിനാൽ കൂടുതൽ പൊതുവായ ചർച്ചകൾ മീറ്റിംഗുകൾ എന്നിവ നടക്കാതിരുന്നതിനാലും ജനങ്ങളുടെ ആശങ്കകൾ നിലനിൽക്കുന്നതിനാലും ആയത് പരിഗണിച്ച് സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്ന തീയതി മുതൽ പരമാവധി 2 മാസം വരെ തൊടുപുഴ മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നല്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ഇടുക്കി ടൗൺ പ്ലാനർ അറിയിച്ചിരിക്കുന്നു.

(3) തൊടുപുഴ മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(11) പ്രകാരം അനുമതി നൽകുന്ന ദിവസം മുതൽ 60 ദിവസത്തേയ്ക്കുക്ക് ദീർഘിപ്പിക്കാവുന്നതാണ് എന്ന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ നഗരസഭയുടെ കൗൺസിൽ തീരുമാനത്തിന്റെയും മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, തൊടുപുഴ മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി, സർക്കാർ അനുമതി നൽകി ഉത്തരവാകുന്ന തീയതി മുതൽ 60 ദിവസത്തേയ്ക്കുക്ക് കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 36(11) പ്രകാരം ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, ഇടുക്കി
3. സെക്രട്ടറി, തൊടുപുഴ നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 19-01-2022 16:21:30
Reason: Approved
സെക്ഷൻ ഓഫീസർ